പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*23 27.02.2017 ൽ മറുപടിക്ക്

## ആർദ്രം മിഷൻ

| ചോദ്യം<br>ശ്രീ.എം. മുകേഷ്<br>,, ബി.സത്യൻ<br>,, കെ. ദാസൻ<br>,, കെ. കെ. രാമചന്ദ്രൻ നായർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം മിഷന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ, നടപ്പിലാക്കാനാരംഭിച്ച നവകേരള മിഷന്റെ നാല് ഘടകങ്ങളിൽ ഒന്നാണ് ആർദ്രം മിഷൻ. ഗവൺമെന്റ് ആശുപത്രികളെ രോഗീ സൗഹൃദമാക്കുകയും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുകയുമാണ് ആർദ്രം മിഷന്റെ ഉദ്ദേശ്യം.<br>താഴെപ്പറയുന്നവയാണ് ഈ മിഷൻ വഴി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ<br>1) ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി (OP Transformation) രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക.<br>2) ജില്ലാ/താലൂക്ക്തല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടും ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും നിയമിച്ചുകൊണ്ടും ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കുക.<br>3) പ്രൈമറി ഹെൽത്ത് സെന്ററുകളെ ഘട്ടം ഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുക.<br>4) ആശുപത്രികളിലെത്തുന്ന രോഗികൾക്ക് ചികിത്സാ മാർഗ്ഗരേഖകൾ പ്രകാരം ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുക. |
| (ബി) | പ്രാഥമിക, ദ്വിതീയ തലത്തിലുള്ള സർക്കാർ ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (ബി) | ആദ്യഘട്ടത്തിൽ പതിനാല് (14) ജില്ലകളിലായി 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ തിരഞ്ഞെടുത്ത് അവിടങ്ങളിൽ ഡോക്ടർമാരുടേയും സ്റ്റാഫ് നെഴ്സിന്റെയും ലബോറട്ടറി ടെക്നീഷ്യന്റെയും തസ്തികകൾ അധികമായി സൃഷ്ടിക്കുകയും |

| | | | |
|---|---|---|---|
| | | | ഡോക്ടർമാർക്കും ഇതര വിഭാഗം ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകിക്കൊണ്ട് ഈ സ്ഥാപനങ്ങളെ ഒരു കുടുംബത്തിലെ എല്ലാവർക്കും പ്രാഥമികാരോഗ്യ പരിചരണം നൽകത്തക്കരീതിയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ദ്വിതീയ തലത്തിന്റെ ഭാഗമായുള്ള താലൂക്ക്, ജില്ല തല ആശുപത്രികളിൽ യഥാക്രമം സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ അടക്കമുള്ള ചികിത്സാ സൗകര്യങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ അധിക തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്. ഇവിടങ്ങളിലേക്ക് ആവശ്യമുള്ള ആശുപത്രി ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ ഈ വർഷത്തെയും അടുത്ത വർഷത്തെയും പ്ലാൻ ഫണ്ട് വഴി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എട്ട് ജില്ലാ തല ആശുപത്രികളിൽ ഹൃദ്രോഗ ചികിത്സക്കാവശ്യമായ കാത്ത് ലാബ് സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടിയും 44 താലൂക്ക് തല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടിയും കിഫ്ബി (KIIFB) യിൽ ഉൾപ്പെടുത്തി ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. |
| (സി) | മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ കുറവ് പരിഹരിക്കാനും രോഗ നിർണ്ണയത്തിനു വേണ്ട ലബോറട്ടറി സൗകര്യം, അവശ്യോപകരണങ്ങൾ എന്നിവ നൽകുന്നതിനും നടപടിയുണ്ടാകുമോ; | (സി) | ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും ലബോറട്ടറിയിലേക്ക് അടക്കമുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിന്റെ വിവരം ലഭ്യമാക്കുമോ? | (ഡി) | ആദ്യഘട്ടത്തിൽ പതിനാല് (14) ജില്ലകളിലായി 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ തിരഞ്ഞെടുത്ത് അവിടങ്ങളിൽ ഡോക്ടർമാരുടേയും സ്റ്റാഫ് നെഴ്സിന്റെയും ലബോറട്ടറി ടെക്നീഷ്യന്റെയും തസ്തികകൾ അധികമായി സൃഷ്ടിക്കുകയും ഡോക്ടർമാർക്കും ഇതര വിഭാഗം ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകിക്കൊണ്ട് ഈ സ്ഥാപനങ്ങളെ ഒരു കുടുംബത്തിലെ എല്ലാവർക്കും പ്രാഥമികാരോഗ്യ പരിചരണം നൽകത്തക്കരീതിയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ദ്വിതീയ തലത്തിന്റെ ഭാഗമായുള്ള താലൂക്ക്, ജില്ല തല |

| | | | |
|---|---|---|---|
| | | | ആശുപത്രികളിൽ യഥാക്രമം സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ അടക്കമുള്ള ചികിത്സാ സൗകര്യങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ അധിക തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്. ഇവിടങ്ങളിലേക്ക് ആവശ്യമുള്ള ആശുപത്രി ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ ഈ വർഷത്തെയും അടുത്ത വർഷത്തെയും പ്ലാൻ ഫണ്ടു വഴി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എട്ട് ജില്ലാ തല ആശുപത്രികളിൽ ഹൃദ്രോഗ ചികിത്സക്കാവശ്യമായ കാത്ത് ലാബ് സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടിയും 44 താലൂക്ക് തല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടിയും കിഫ്ബി (KIIFB) യിൽ ഉൾപ്പെടുത്തി ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ